(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻറ് കൺസ്ട്രക്ഷൻ (IIIC) മുഖേന ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ടി സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

231 (2786) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഐ.ടി.ഐ. പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിന് ശേഷം വിവിധ സ്ഥാപനങ്ങളിൽ അപ്രന്റിസ് ആയി പ്രവർത്തിക്കുന്ന കാലയളവിൽ സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നുണ്ടോ ?

ഉത്തരം

ഉണ്ട്.

ഐ.ടി.ഐ. ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് കാലയളവ്

232 (2787) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രന്റിസ് ട്രെയിനിംഗ് കഴിഞ്ഞ ഐ.ടി.ഐ. ഉദ്യോഗാർത്ഥികൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുമ്പോൾ ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടോ; വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 6-7-1966-ലെ 514/6/എച്ച്.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരുവർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും

LIBRARY ARCHIVES Kerala Legislative Assembly